**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1204** **30-06-2026-ൽ മറുപടിയ്ക്ക്**

## <u>വിള ഇൻഷ്വറൻസ് പദ്ധതി</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. വിജിൻ ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയിൽ കൂടുതൽ വിളകളെ ഉൾപ്പെടുത്താനും, നഷ്ടപരിഹാര തുക വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

**<u>മറുപടി:</u>** വിള ഇൻഷ്വറൻസ് പദ്ധതിയുടെ നഷ്ടപരിഹാര തുക വർദ്ധിപ്പിക്കാനും പദ്ധതി വിപുലീകരിക്കാനുമുള്ള ശുപാർശകൾ വിശദമായി പഠിച്ച് സമർപ്പിക്കാൻ കൃഷി ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതാണ്. തെങ്ങ്, വാഴ, കുരുമുളക്, കമുക്, റബ്ബർ, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറികൾ, ജാതി, ഗ്രാമ്പു, വെറ്റില, പയറുവർഗങ്ങൾ, കിഴങ്ങുവർഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് എന്നിവയ്ക്ക് പുറമെ ചെറുധാന്യങ്ങളായ ചാമ, വരക്, തിന, പനിവരക്, കുതിരവാലി, കൂടാതെ മാവ് തുടങ്ങിയ 27 കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പുനരാവിഷ്കൃത സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ 2026-ൽ കൂടുതൽ വിളകളെ ഉൾപ്പെടുത്തിക്കൊണ്ട് പുനരാവിഷ്കൃത സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി വിപുലീകരിച്ചിട്ടുണ്ട്.

സ.ഉ.(കൈ) നം. 32/2026/കൃഷി തീയതി 13.03.2026 പ്രകാരം ചേമ്പ്, കാച്ചിൽ തുടങ്ങിയ അധിക കിഴങ്ങുവിളകളും പപ്പായ, റംബുട്ടാൻ, പേര, പാഷൻ ഫ്രൂട്ട്, സപ്പോട്ട, അവകാഡോ, ഡ്രാഗൺഫ്രൂട്ട്, ലിച്ചി എന്നീ ചെറുഫല വിളകളും, ഓർക്കിഡ്, മുല്ല, ആന്തൂറിയം എന്നീ പുഷ്പകൃഷിയും, തേനീച്ചകൃഷിയും പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാവിലെ രോഗ കീട ബാധ മൂലമുള്ള കൃഷി നാശം, ഉപ്പു വെള്ളം കയറി നെൽക്കൃഷിക്കുണ്ടാകുന്ന കൃഷി നാശം എന്നിവയും ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**